(ഡി) വൈദ്യുതി വകുപ്പിലെ പ്രസരണ വിഭാഗം ജീവനക്കാർക്ക് സുരക്ഷ സംബന്ധിച്ച് മികച്ച പരിശീലനമാണ് നൽകി വരുന്നത്. വൈദ്യുതി ബോർഡിൽ നടക്കുന്ന എല്ലാവിധ Induction training-ലും സുരക്ഷ വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു ദിവസത്തേയും രണ്ട് ദിവസത്തേയും പ്രത്യേക സുരക്ഷാ ട്രെയിനിംഗുകളും നടത്തിവരുന്നു.

(ഇ) വൈദ്യുതി സുരക്ഷാവാരാചരണക്കാലയളവിൽ വൈദ്യുതി സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളെയും വൈദ്യുതി ജീവനക്കാരെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്റുകൾ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യാറുമുണ്ട്. ഇതിനുപുറമേ കെ.എസ്.ഇ. ബോർഡ് പങ്കെടുക്കുന്ന എക്സിബിഷനുകളിൽ വൈദ്യുതി സുരക്ഷയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്ന വിവിധതരം പ്രദർശന വസ്തുക്കൾ ഒരുക്കാറുണ്ട്. ചീഫ് ഇലക്ട്രിക് ഇൻസ്പെക്ടറേറ്റ് ഓരോ വർഷവും വൈദ്യുതി മേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളുടെ സഹായത്തോടെ വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

നെൽകൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

20(*280) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽക്കൃഷി വ്യാപിപ്പിക്കുന്നതിന് വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) തരിശ് ഭൂമി കൃഷി യോഗ്യമാക്കുന്നതിനും ജല സംരക്ഷണത്തിലൂടെ കൃഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കി ; പലിശ രഹിത വായ്പ, സബ്സിഡി ഇനങ്ങളിൽ എന്ത് തുക ചെലവഴിച്ചു എന്നിവ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കാലയളവിൽ എത്ര ടൺ നെല്ല് സംഭരണം നടത്തി ; അതിന് കേന്ദ്ര നിരക്കിനേക്കാൾ എന്ത് തുക അധികം നൽകി എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിന് വേണ്ടി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) വിവിധ പദ്ധതികളിലൂടെ ആനുകൂല്യം നൽകിക്കൊണ്ടും തരിശ്നില കൃഷി, കരനെൽകൃഷി എന്നിവയ്ക്ക് ഊന്നൽ നൽകി കൊണ്ടുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക വഴി നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

2009-10 :

	പദ്ധതി	ചെലവഴിച്ച തുക (ലക്ഷം രൂപ)
1.	സുസ്ഥിര നെൽകൃഷി വികസനം	2350.00
2.	കേന്ദ്ര നെൽകൃഷി വികസന പദ്ധതി	860.50
3.	സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ നെൽകൃഷിക്കു മാത്രമായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ	3141.026
4.	നെല്ല് സംഭരണം (സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തരം)	6400.00
5.	കിസാൻ അഭിമാൻ പദ്ധതി	328.704
6.	ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (പാലക്കാട് ജില്ലയിൽ മാത്രം)	277.72
7.	കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി	164.90
8.	ഉല്പാദന ബോണസ്	939.26
9	നെല്ലുൾപ്പെടെയുള്ള കാർഷിക വിളകൾക്കുള്ള സൗജന്യ വൈദ്യുതി പദ്ധതി	4090.924

2010-11 വർഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പദ്ധതി	31-1-2011 വരെ ചെലവഴിച്ച തുക (ലക്ഷം രൂപ)
1.	സുസ്ഥിര നെൽകൃഷി വികസന പദ്ധതി	2337.62
2.	കേന്ദ്ര നെൽകൃഷി വികസന പദ്ധതി	439.43
3.	സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി	442.70

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
4.	രാഷ്ട്രീയ കൃഷി വികാസ് യോജന	1206.00
5.	കിസാൻ അഭിമാൻ	451.968
6.	നെല്ല് സംഭരണം	1525.51
7.	ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ (പാലക്കാട് ജില്ലയിൽ മാത്രം)	188.85
8.	കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി	25.00
9.	ഉല്പാദന ബോണസ്	1000.00
10.	നെല്ലുൾപ്പെടെയുള്ള കാർഷിക വിളകൾക്കുള്ള സൗജന്യ വൈദ്യുതി	2400.00

(ബി) ജല സംരക്ഷണം ഉറപ്പുവരുത്തുന്നതിന് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കി, അതുവഴി തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2005-06 മുതൽ 2010-11 കാലയളവിൽ (31-1-2011 വരെ) 43575 ഹെക്ടർ തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കി. സഹകരണ വകുപ്പിന്റെ സഹകരണത്തോടെ നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതിയിൽ 100 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തരം 2009-10-ൽ 43552.67 മെട്രിക് ടൺ നെല്ലും 2010-11-ൽ 196096.65 മെട്രിക് ടൺ നെല്ലും സംഭരിക്കുകയുണ്ടായി. ഇതിനു പുറമേ 2010 ജനുവരി മുതൽ നാളിതുവരെ കൺസ്യൂമർ ഫെഡറേഷൻ 56110 ക്വിന്റൽ നെല്ല് സംഭരിച്ചു കിലോഗ്രാമിന് 12 രൂപാ നിരക്കിലാണ് നെല്ല് സംഭരണം നടത്തിയത്. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2009-10-ൽ കേന്ദ്ര നിരക്കിനേക്കാൾ കിലോഗ്രാമിന് 2 രൂപ അധികം നൽകിയും 2010-11-ൽ കിലോഗ്രാമിന് 3 രൂപ അധികം നൽകിയുമാണ് നെല്ല് സംഭരണം നടത്തിയത്. കൺസ്യൂമർ ഫെഡറേഷൻ കേന്ദ്ര നിരക്കിനേക്കാൾ കിലോഗ്രാമിന് 2 രൂപ അധികം നൽകിയാണ് 2010 ജനുവരി മുതൽ നെല്ല് സംഭരണം നടത്തിയത്.

(ഡി) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ 137.49 കോടി രൂപയും കൺസ്യൂമർ ഫെഡറേഷൻ 6.7332 കോടി രൂപയും നെല്ല് സംഭരണത്തിനായി ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly